1401
9/9/16

# കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - ഓണാഘോഷം 2016 – സംസ്ഥാനതല ഓണം വാരാഘോഷം -സമാപന ഘോഷയാത്ര-തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകിയും ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ ഇളവുവരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.റ്റി)നം290/2016/ടൂറിസം തീയതി,തിരുവനന്തപുരം, 09.09.2016

പരാമർശം - 1. ടൂറിസം ഡയറക്ടറുടെ 3.9.2016 ലെ എം.2-12326/2016 നമ്പർ കത്ത്
2. സ.ഉ. (സാധാ) നം. 237/2016/ടൂറിസം തീയതി 20-7-2016
3. സ.ഉ. (സാധാ) നം. 275/2016/ടൂറിസം തീയതി 1-9-2016
4. സ.ഉ. (സാധാ) നം. 283/2016/ടൂറിസം തീയതി 7-9-2016
5. ഓണം വാരാഘോഷം സംബന്ധിച്ച കാര്യങ്ങലൾ വിലയിരുത്തുന്നതിനായി ടൂറിസം-സഹകരണ വകുപ്പുമന്ത്രിയുടെയും വൈദ്യുതി-ദേവസ്വം വകുപ്പുമന്ത്രിയുടെയും സംയുക്ത നേതൃത്വത്തിൽ 7.9.2016 ൽ കൂടിയ യോഗത്തിന്റെ മിനിട്സ്

## ഉത്തരവ്

സംസ്ഥാനതല ഓണം വാരാഘോഷം 2016 ന്റെ സമാപനം കുറിച്ചുകൊണ്ട് നടക്കുന്ന ഘോഷയാത്രയിൽ ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ തലവന്മാർക്ക് ഈ ആവശ്യത്തിലേയ്ക്ക് പരമാവധി നാലു ലക്ഷം രൂപ വരെ സ്വന്തം ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇപ്രകാരം തുക ചെലവഴിക്കുന്നതിനുള്ള അനുമതി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും കൂടി ബാധകമാക്കിക്കൊണ്ട് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (5) ലെ യോഗതീരുമാന പ്രകാരം ഘോഷയാത്രയിൽ ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിലേയ്ക്ക്, ഈ വർഷത്തേക്കുമാത്രം നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധിയിൽ ഇളവുനൽകി ആയത് 3 ദിവസമാക്കി കുറച്ച് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. സരസ്വതി അമ്മ
അഡീഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും
ജില്ലാ കളക്ടർ, തിരുവനന്തപുരം

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയയിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ പ്രചരണം പത്ര ദൃശ്യമാധ്യമങ്ങളിലൂടെ നൽകുന്നതിനും)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. സഹകരണവും ടൂറിസവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്